


# വിഷൻ 2025

## ഡി.കൃഷ്ണൻപോറ്റി മെമ്മോറിയൽ ഹൈസ്കൂൾ

## കോട്ടവട്ടം

# ആമുഖം

പൊതു വിദ്യാഭ്യാസം ഇന്ന് മാറ്റങ്ങളുടെ പാതയിലാണ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് വിദ്യാലയങ്ങൾ.പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഉൾ ക്കൊണ്ടുകൊണ്ട് നമ്മുടെ വിദ്യാലയവും ഏപ്രിൽ 2019 മുതൽ നാളിതുവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർ ത്തനത്തിൽ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാരുടെയും സുഹൃത്തുക്കളുടെയും  സർവ്വോപരി രക്ഷിതാക്കളുടെയും പങ്ക് വിലമതിക്കാനാകാത്തതാണ്. മാനേജ്മെന്റും , പി റ്റി എ യും തോളോട്ടു തോൾ ചേർന്ന് പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇനിയും നാം വിഭാവനം ചെയ്യുന്ന തരത്തിൽ വിദ്യാലയത്തെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ.

അക്കാദമിക രംഗത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടെ നാം കൈവരിച്ച നേട്ടം ചെറുതല്ല. പരീക്ഷ എഴുതിയ പകുതിയിലധികം വിദ്യാർത്ഥികൾക്കും ഫുൾ എ പ്ലസ് ലഭിച്ചത്  നാം കണ്ടതാണല്ലോ. ഈ നേട്ടം കൈവരിക്കുന്നതിന് വിദ്യാർത്ഥികളും, രക്ഷിതാക്കളും നടത്തിയ പരിശ്രമങ്ങളെ വിലമതിക്കുന്നതിനോടൊപ്പം ഞങ്ങൾ നടത്തിയ ഇടപെടലുകൽ അർത്ഥവത്തായതിലുള്ള ചാരിതാർത്ഥ്യം പങ്കുവെക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. 2025 ഓടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് നമ്മുടെ വിദ്യാലയത്തെ കൈപിടിച്ചുയർത്താൻ ഏവരും ഒപ്പമുണ്ടാകുമെന്ന വിശ്വാസത്തോടെ വിഷൻ- 2025 നിങ്ങൾക്ക് മുന്നിൽ സമർ പ്പിച്ചുകൊള്ളട്ടെ.

# ഗണിതം

ആധുനിക രീതിയിലുള്ള ഒരു ഗണിത ലാബ് ഉണ്ടായിരിക്കണം. ഗണിത താത്പര്യം വർദ്ധിപ്പിക്കുന്നതിനുള്ള പുസ്തകങ്ങൾ , ഗണിതഗെയിം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉണ്ടാകണം. ഗണിത പഠനത്തിൽ കുട്ടികളെ ഒരേ നിലവാരത്തിലേക്ക് ഉയർത്തണം.

ഗണിതത്തിന്റെ ഏറ്റവും പ്രധാനമായ ചതുഷ് ക്രീയകളിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കണം. അതിലൂടെ മനക്കണക്ക് ,കുറുക്കുവഴികൾ തുടങ്ങിയ ഗണിതത്തിന്റെ ഉയർന്ന ശേഷികൾ

ഗണിതപഠനത്തിൽ താത്പര്യം ഉണ്ടാക്കുന്നതിന് ഗണിതത്തിൽ പ്രഗത്ഭരായ വ്യക്തികളെക്കൊണ്ട് കുട്ടികൾക്ക് താത്പര്യമുണ്ടാകുന്ന രീതിയിൽ സെമിനാർ,ബോധവല്ക്കരണ സെമിനാർ തുടങ്ങിയവ സംഘടിപ്പക്കണം. ഓരോ വർഷവും സ്കൂൾതല ഗണിതമേളകൾ നടത്തുകയും അതിൽ നിന്നും വിജയികളായവരെ ഉയർന്ന തലങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം.പൊതുപരീക്ഷകളിൽ പങ്കെടുപ്പിക്കുകയും പഠനനിലവാരം ഉയർത്തുകയും ചെയ്യുക.നൂതന സാങ്കേതിക വിദ്യകൾ വഴി കുട്ടികളുടെ ഗണിതപഠനം കൂടുതൽ മെച്ചപ്പെടുത്തണം.ക്വിസ് തുടങ്ങിയവയിലൂടെ യുക്തിചിന്തവളർത്തണം.ഗണിത മാഗസിൻ കുട്ടികളുടെ സഹകരണത്തോടെ നിർമ്മിക്കും.

ശ്രീജ.വി.ആർ ,സുനിത.എൻ.വി ,കീർത്തന കൃഷ്ണ ആർ എസ്

# ശാസ്ത്രം

- ഇൻസ്പെയർ അവാർഡ്, YIP (Youth innovation Pogramme), Little scientist തുടങ്ങിയ മത്സര ഇനങ്ങളിൽ വിജയിക്കുന്നതിനു വേണ്ടിയുള്ള പരിശീലനം നല്കും.
- വിവിധ സ്കോളർഷിപ്പ് മത്സരങ്ങളിൽ കൂടുതൽ കുട്ടികൾക്ക് മികച്ച വിജയം നേടുന്നതിനുവേണ്ടി കുട്ടികളെ പ്രാപ്തരാക്കും.
- സ്മാർട്ട് ശാസ്ത്ര ലാബ് ,എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ, കുട്ടികളുടെ സഹകരണത്തോടെ ശാസ്ത്രലൈബ്രറി എന്നിവയാണ് ഞങ്ങളുടെ വിഷൻ 2025.
- ശാസ്ത്രപാർക്ക് നിർമ്മിക്കും
- ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിന് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കും

മിനി ആർ ചന്ദ്രൻ ബിന്ദു .എൻ

# ഇംഗ്ലീഷ്

2025 ആകുമ്പോഴേക്കും ഭയമില്ലാതെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തമാക്കുന്നതിനാവശ്യമായ കളികളിലൂടെയും സംഭാഷണങ്ങളിലൂടെയും ഇംഗ്ലീഷ് ഭാഷയോടുള്ള അടുപ്പം വർദ്ധിപ്പിക്കുന്നു. ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം ക്ലാസ് മുറികളിൽ നൽകുകയും ചെറിയ തെറ്റുകളെ സപ്പോർട്ട് ആയി കുട്ടികളോടൊപ്പം നിൽക്കുന്നു.പിന്നോക്കം നിൽക്കുന്ന കുട്ടികളെ ചിത്രത്തിന്റെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷ ലളിതമായി പഠിപ്പിക്കുന്നു.

കഥാരചന, കവിതാ രചന എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ഇംഗ്ലീഷ് പത്രം ദിവസേന വായിക്കാനുള്ള അവസരം നൽകുകയും വാക്കുകളുടെ അർത്ഥം കണ്ടെത്തി എഴുതി ഒരു ഡിക്ഷണറി മേക്കിങ്ങ് എന്ന ആക്ടിവിറ്റി നല്കിക്കൊണ്ട് 2025 ആകുമ്പോഴേക്കും ഓരോ കുട്ടിക്കും അവരവരുടെ ഡിക്ഷണറി ഉപയോഗിക്കാൻ പാകത്തിൽ മികവുറ്റവരാക്കുന്നു.

ലൈബ്രറിയിൽ ഇംഗ്ലീഷ് ബുക്കുകളുടെ ശേഖരണം ധാരാളമായി ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളെ വായനയുടെ ലോകത്തേക്ക് എത്തിക്കുകയും അവർ ഇംഗ്ലീഷ് ഭാഷ എത്രത്തോളം ഉൾക്കൊണ്ടു എന്ന് മനസ്സിലാക്കാനായി ആസ്വാദന കുറിപ്പ് തയ്യാറാക്കുകയും ചെയ്തു കൊണ്ട് ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യാൻ പാകത്തിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഐ.സി.ടി സാധ്യതകളോട് കൂടിയ ലാംഗ്വേജ് ലാബ് ആണ് ലക്ഷ്യമിടുന്നത്. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു. നാടകീകരണം വഴി 2025 ആകുമ്പോഴേക്കും സ്കൂളിലെ എല്ലാ കുട്ടികളെയും ഇംഗ്ലീഷ്

ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനും പറ്റുന്ന തരത്തിൽ മികവുറ്റവരാക്കുക എന്നതാണ് ലക്ഷ്യം.

കൃഷ്ണകുമാർ.ജെ.കെ

# മലയാളം

ഭാഷാഭിരുചിയും വായനാശീലവും വളർത്തുക എന്ന ലക്ഷ്യത്തിനായി മികച്ച രീതിയിലുള്ള വായനാന്തരീക്ഷം ലൈബ്രറിയിൽ സംജാതമാക്കേണ്ടതുണ്ട് .കൃത്യമായി കുട്ടികളെ ലൈബ്രറിയിൽ വായനയുടെ ലോകത്തേക്ക് അവരെ ആകർഷിക്കുവാൻ വേണ്ട പ്രവർത്തനവും പ്രോത്സാഹനവും നൽകാൻ ലക്ഷ്യമിടുകയും ചെയ്യുന്നു . പത്രവായന, പുസ്തക വായന ഇ-വായന എന്നിവയിലൂടെ മികച്ച വായനക്കാരനാകാൻ കുട്ടിയെ പ്രാപ്തരാക്കുന്നു. വായനാകുറിപ്പുകൾ കൃത്യമായി പരിശോധിക്കുകയും വർഷാവസാനം പതിപ്പാക്കാനും ഉദ്ദേശിക്കുന്നു. കൃത്യമായ ഇടവേളകളിൽ കഥയരങ്ങ് , കവിതയരങ്ങ് തുടങ്ങിയവ സംഘടിപ്പിച്ച് കുട്ടികളുടെ ഭാഷാഭിരുചിയും വായനാശീലവും വർദ്ധിപ്പിക്കുവാനും സഹായിക്കുന്നു . അക്ഷരമറിയാത്ത കുട്ടികളെ അക്ഷരം പഠിപ്പിച്ച് അക്ഷരങ്ങളുടെ ലോകത്തേക്ക് നയിച്ച് അവരെ ജ്ഞാനതൃഷ്ണയുള്ളവരാക്കിമാറ്റാനും ഉദ്ദേശിക്കുന്നു.

പ്രീത കെ.എസ്

# സാമൂഹ്യശാസ്ത്രം

- സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്തൽ
  a) ജനറൽ നോളജ് ക്വിസ് സംഘടിപ്പിക്കുക
  b) ആനുകാലിക വിഷയങ്ങളുടെ അവതരണവും ചർച്ചയും
  c) ന്യൂസ് പേപ്പർ റീഡിങ് ഒരു സ്വഭാവം ആക്കുന്നതിനുള്ള സ്കൂൾതല പ്രവർത്തനം
  d) സാമൂഹ്യശാസ്ത്ര മേളകളിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കുക
- സോഷ്യൽ സയൻസ് ലാബിന്റെ രൂപീകരണം
  a) സാമൂഹ്യശാസ്ത്ര ആശയങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ ലാബ് സജ്ജീകരണം
- ദിനാചരണങ്ങൾ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുക
  - ദിനാചരണങ്ങളുടെ വാർഷിക കലണ്ടർ നിർമ്മിക്കുക
  - വിവിധ ദിനാചരണങ്ങൾ വൈവിധ്യമാർന്ന രീതിയിൽ സ്കൂൾതലത്തിൽ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക . അതിലൂടെ

    കുട്ടികളിൽ ദേശീയബോധവും മതേതരത്വ ചിന്താഗതിയും മൂല്യങ്ങളുടെ രൂപീകരണവും സാധ്യമാക്കുക.
  - ജീവിത വിജയം നേടിയ വ്യക്തികളുമായി സംവദിക്കാനുള്ള അവസരങ്ങൾ ഒരുക്കുക
    - മഹത് വ്യക്തികളുമായി സംവദിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നതിലൂടെ കുട്ടികൾക്ക് പ്രചോദനം നൽകുന്നതിനും അതിലൂടെ രാജ്യത്തിന് ഒരു പ്രതിഭയെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം കുഞ്ഞുമനസ്സുകളിൽ രൂപപ്പെടുത്തുക.
    - ചരിത്ര പ്രാധാന്യവും ഭൂമിശാസ്ത്ര വൈവിധ്യങ്ങളും നേരിട്ട് മനസ്സിലാക്കുന്നതിന് ഫീൽഡ് ട്രിപ്പ്

# സംഘടിപ്പിക്കുക

അമേഷ് പ്രസാദ്

# ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസവും ആയി ബന്ധപ്പെട്ട് 2025 -26 അദ്ധ്യനവർഷം തുടങ്ങുന്നത് പഠനത്തോടൊപ്പം കായിക അഭിരുചിയിലുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ്. അതിനായി കുട്ടികളുടെ അഭിരുചി മനസ്സിലാക്കി ഫുട്ബോൾ ,ചെസ്സ് ,യോഗ എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശീലനവും തുടർച്ചയായി ക്ലാസുകളും നൽകാൻ ലക്ഷ്യമിടുന്നു .വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു . മാനസിക ഉല്ലാസത്തിനായി കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കാനും പരിപാടിയുണ്ട് . ഫുട്ബോൾ ,ചെസ്സ് ഇവയ്ക്ക് ഇപ്പോൾ ഉള്ള ടീം വിപുലീകരിക്കുവാനും കുട്ടികളെ സബ് ജില്ല,ജില്ല, സ്റ്റേറ്റ് എന്നീ മത്സരങ്ങളിൽ പങ്കെടുപ്പിക്കാനും ആദ്യം മുതൽ തന്നെ മികച്ച രീതിയിൽ പരിശീലനവും നൽകാൻ ഉദ്ദേശിക്കുന്നു.

ശ്യാം ഉത്തമൻ

# ഹിന്ദി

- 2025 ഓടുകൂടി എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ ആശയവിനിമയം നടത്താൻ കഴിയും വിധം കുട്ടികളിൽ പദസമ്പത്ത് കൂട്ടാനും വ്യാകരണം മനസ്സിലാക്കി സംസാരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു
- ഹിന്ദി ഭാഷയിൽ താല്പര്യം ഉണ്ടാക്കുന്നതിനു വേണ്ടി ഹിന്ദി കഥാപുസ്തകങ്ങൾ ,കവിതകൾ ,മഹത് വ്യക്തികളുടെ ജീവചരിത്ര കുറിപ്പ് എന്നിവ ഉൾപ്പെടുത്തി ലൈബ്രറി നവീകരണം (കോർണർ  ലൈബ്രറി ഒരുക്കുന്നു)

## പ്രവർത്തനങ്ങൾ

1. ഹിന്ദി നിഘണ്ടു നിർമാണം
2. ഐ സി സിയുടെ സഹായത്താൽ ഹിന്ദി വീഡിയോ പ്രദർശനം
3. വായിച്ച ഹിന്ദി പുസ്തകങ്ങളിലൂടെ-ആസ്വാദനക്കുറിപ്പ് ,കവിതാരചന, കഥാരചന എന്നീ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു
4. ആഴ്ചയിലൊരു ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു
5. ആഴ്ചയിലൊരു ദിവസം കുട്ടികൾ പരസ്പരം ഹിന്ദിയിൽ സംസാരിക്കാൻ നിർദ്ദേശിക്കുന്നു

കെ.ബിജുപോറ്റി